# നിറ്റാ ജെലാറ്റിൻ ഇന്ത്യ ലിമിറ്റഡ് (NGIL)
# കാതിക്കൂടത്തെ കാളകൂടം

*ചാലക്കുടിക്ക് സമീപം കാതിക്കൂടത്ത് സ്ഥിതി ചെയ്യുന്ന 'നിറ്റാ ജലാറ്റിൻ ഇന്ത്യാ ലിമിറ്റഡ്' എന്ന കമ്പനിയുടെ പാരിസ്ഥിതിക മലിനീകരണത്തെ സംബന്ധിച്ച് ജനനീതി ഇൻസ്റ്റിട്യൂട്ട് നടത്തിയ ശാസ്ത്രീയ പഠന റിപ്പോർട്ട് - സംക്ഷിപ്ത രൂപം.*

1975 ൽ കേരള വ്യവസായ വികസന കോർപ്പറേഷനും ജപ്പാനിലെ നിറ്റാ ജലാറ്റിൻ കമ്പനിയും ചേർന്ന് 'കേരള കെമിക്കൽസ് & പ്രോട്ടീൻസ് ലിമിറ്റഡ്' എന്ന പേരിലാരംഭിച്ച വ്യവസായ പ്രസ്ഥാനമാണ് 2008 മുതൽ 'നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്' എന്ന പേരിൽ അറിയപ്പെടുന്നത് (NGIL-നിജിൽ)

നിജിൽ പറയുന്നതനുസരിച്ച് മൃഗങ്ങളുടെ എല്ലുപൊടിയിൽനിന്നും ജെലാറ്റിൻ, കൊളാജൻ പെപ്റ്റൈഡ്, കൈറ്റോസാൻ, ഒസീൻ, ഡൈ കാൽസ്യം ഫോസ്ഫേറ്റ്, മീറ്റ്മീൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നു. ഉദ്പാദന പ്രക്രിയയിൽ പ്രതിദിനം 120 ടൺ എല്ലുപൊടിയും 1,20,000 ലിറ്റർ ഹൈഡ്രോ ക്ലോറിക് ആസിഡും 69 ലക്ഷം ലിറ്റർ വെള്ളവും കമ്പനി ഉപയോഗപ്പെടുത്തുന്നു. ജനങ്ങളുടെ കണക്കനുസരിച്ച് പ്രതിദിനം 2 കോടി ലിറ്റർ വെള്ളമാണ് ചാലക്കുടി പുഴയിൽനിന്നും നിജിൽ ഊറ്റിയെടുക്കുന്നത്. ഏതാണ്ട് ഇത്രയും തന്നെ മലിനജലം ചാലക്കുടി പുഴയിലേക്ക് കമ്പനി ദിനംപ്രതി ഒഴുക്കി വിടുകയു ചെയ്യുന്നു.

1979 ൽ നിജിൽ കാതിക്കൂടത്ത് ഉദ്പാദനം തുടങ്ങി. ആ വർഷം മുതൽ സമീപവാസികൾ കമ്പനിയുടെ മലിനീകരത്തിനെതിരെ രംഗത്ത് വന്നിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

**ജനങ്ങളെ പ്രക്ഷോഭത്തിന് പ്രേരിപ്പിക്കുന്ന കാരണങ്ങൾ ഇവയാണ് -**

- അതിരൂക്ഷമായ ദുർഗന്ധം മൂലം പരിസര പ്രദേശത്ത് ജനജീവിതം ദുസ്സഹമായിരിക്കുന്നു. കാതിക്കൂടവും നിവാസികളും ഒറ്റപ്പെടുന്നു.
- വ്യാപകമായ ആരോഗ്യ പ്രശ്നങ്ങൾ - ക്യാൻസർ, ശ്വാസ തടസ്സം, ത്വക്ക് രോഗങ്ങൾ, അലർജി സംബന്ധമായ രോഗങ്ങൾ - മൂലം ജനങ്ങൾ കഷ്ടപ്പെടുന്നു.
- രാത്രികാലങ്ങളിൽ ദുർഗന്ധം പതിന്മടങ്ങ് വർധിക്കുന്നതിനാൽ ഉറക്കം അസാധ്യമാകുന്നു.
- സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലം വീട്ടാവശ്യങ്ങൾക്കോ, മൃഗങ്ങളെ വളർത്തുന്നതിനോ പോലും കൊള്ളാതായിരിക്കുന്നു.
- ഈ പ്രദേശത്തെ ചെറുതോടുകൾ, നീർച്ചാലുകൾ, നെൽപാടങ്ങൾ എന്നിവടങ്ങളിലെ ജലം കൃഷി ആവശ്യത്തിന് യോഗ്യമല്ലാതായി. കൃഷി തികച്ചും അസാധ്യമായി.
- ചാലക്കുടി പുഴയിൽ സ്ഥിരമായി കുളിച്ച് ശീലിച്ചവർ ചൊറിച്ചിൽ, കണ്ണുവീക്കം, തലവേദന തുടങ്ങിയ കാരണങ്ങളാൽ കുളി നിർത്താൻ നിർബന്ധിതരായി.
- ഭീമമായ തോതിൽ കമ്പനിയിലെ മാലിന്യങ്ങൾ കൂറ്റൻ കോൺഗ്രീറ്റ് കുഴൽ ഉപയോഗിച്ച് ഭൂമിക്കടിയിലൂടെ ചാലക്കുടി പുഴയുടെ മധ്യത്തിൽ തുറന്നു വിടുന്നതിനാൽ ബാഹ്യമായി നോക്കിക്കാണാൻ കഴിയുന്നില്ല. എന്നാൽ മാലിന്യങ്ങൾ പുഴയോരത്ത് വെള്ളത്തിൽ പതഞ്ഞു കിടക്കുന്നു. ചാലക്കുടി പുഴയിൽനിന്നും ജലം വീട്ടാവശ്യങ്ങൾക്കും കൃഷിയാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന പതിനായിരക്കണക്കിന് ജനം ചാലക്കുടി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളിലും, മാള, പൊയ്യ, കുഴൂർ, അന്നമനട, പുത്തൻചിറ, വെള്ളാങ്ങല്ലൂർ, വൈന്തല, പുത്തൻവേലിക്കര, മാമ്പ്ര-ചെട്ടിക്കുന്ന് പഞ്ചായത്തുകളിലും ഉണ്ട്.
- ആദ്യ കാലങ്ങളിൽ കമ്പനിക്ക് എതിരെ സമരം ചെയ്യുകയും കേസ് കൊടുക്കുകയും ചെയ്തവരെ പലരേയും കമ്പനി ജോലി കൊടുത്തും, പണം കൊടുത്തും, കള്ളക്കേസിൽ കുടുക്കിയും ഒതുക്കി.

- 2008 ൽ രൂപം കൊണ്ട നിലവിലുള്ള ആക്ഷൻ കൗൺസിലെ അംഗങ്ങൾക്കെതിരെ പോലീസിനെ ഉപയോഗിച്ച് കമ്പനി പീഡനം തുടരുന്നു. കമ്പനിയെ എതിർക്കുന്ന വരെ മാവോവാദികളും നക്സലുകളുമായി ചിത്രീകരിക്കുന്നു. അവരുടെ കുടുംബ ങ്ങൾ ഭീതിയിലാണ്.

ഈ സാഹചര്യത്തിൽ, തൃശ്ശൂരിലെ ജനനീതി ഇൻസ്റ്റിട്യൂട്ട് 13.03.2010, 21.03.2010 എന്നീ തിയതി കളിൽ കമ്പനിയിലും പരിസരങ്ങളിലും വിശദമായ പഠനം നടത്തുകയും, ശാസ്ത്രീയ മാനദ ണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരിശോധനക്കായി സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തു. നിജിൽ കമ്പനിക്കുള്ളിലെ ജലം, മണ്ണ്, ഉദ്പാദന അവശിഷ്ടങ്ങൾ, കമ്പനി വർഷങ്ങളായി കർഷകരെ 'വളം' എന്ന് വിശ്വസിപ്പിച്ച് വിൽക്കുന്ന 'കമ്പോസ്റ്റ്', അതിന്റെ ഉദ്പാദനത്തിന് ഉപ യോഗിക്കുന്ന മറ്റ് പാഴ്വസ്തുക്കൾ എന്നിവയും, പരിസര പ്രദേശത്തെ കിണർ വെള്ളം കൃഷി യിടങ്ങളിലെ വെള്ളം, വലിയ കോൺക്രീറ്റ് കുഴലിലൂടെ ചാലക്കുടി പുഴയിലേക്ക് തള്ളുന്ന മലിനജലം പുഴയിൽ ചേരുന്നിടത്ത് നിന്നും എടുത്തത്, കൃഷിയിടങ്ങളിലെ മണ്ണ്, നീർചാലു കളിലെ ജലം, പുഴയോരത്തെ ജലത്തിനടിയിൽനിന്നും എടുത്ത ഉറഞ്ഞു കൂടിയ ഖരമാലി ന്യം, പുഴയോരത്ത് വെള്ളത്തിന് മീതെ ഒഴുകിനടക്കുന്ന ഖരമാലിന്യം എന്നിവയും ശേഖ രിച്ച് കേരള കാർഷിക സർവ്വകലാശാലയുടെ റേഡിയോ ട്രെയ്സർ ലബോറട്ടറിയിൽ പരിശോ ധിപ്പിച്ചു.

**പരിശോധനാ ഫലം താഴെപ്പറയുന്ന വസ്തുതകൾ വെളിപ്പെടുത്തുന്നു.**

1. കാതികൂടത്തെ കിണറുകൾ, കൃഷിയിടങ്ങൾ, പുഴയോരം, നീർച്ചാലുകൾ ഇവയെല്ലാം മലിനപ്പെട്ടിരിക്കുന്നു.
2. അമ്ലത നിറഞ്ഞ ജലം വീട്ടാവശ്യങ്ങൾക്കോ കൃഷിക്കോ ഉപയുക്തമല്ല.
3. ഘന ലോഹങ്ങളായ ലെഡ്, കാഡ്മിയം, നിക്കൽ, ക്രോമിയം എന്നിവയുടെ അമിത മായ സാന്നിധ്യവും തെളിഞ്ഞു.
4. കൃഷിയിടങ്ങളിലെ അമിതമായ കാൽഷ്യം മണ്ണിനെയും ജലത്തേയും കൃഷിക്ക് ഉപയു ക്തമല്ലാതാക്കിയിരിക്കുന്നു.
5. കമ്പനിക്കകത്ത് നിന്നെടുത്ത ജലത്തിന്റെ സാമ്പിളിലും, പുഴയിലേക്ക് "തെളിഞ്ഞ, ശുദ്ധ മായ വെള്ളം" എന്ന അവകാശവാദത്തോടെ കുഴലിലൂടെ കമ്പനി ഒഴുക്കിവിടുന്ന മലിന ജലത്തിൽനിന്നെടുത്ത സാമ്പിളിലും അമ്ലത, കാൽഷ്യം എന്നിവയും ലെഡ്, കാഡ്മി യം, നിക്കൽ എന്നീ ഘന ലോഹങ്ങളും അമിതമായ തോതിൽ കണ്ടെത്തി. അമ്ലത കൂടിയ ജലത്തിൽ മൂലകങ്ങൾ സസ്യങ്ങൾക്ക് ലഭിക്കാതെ വരികയും, കൃഷിയും സസ്യ ജാലങ്ങളും കാതിക്കൂടത്തിന് അന്യമാവുകയും ചെയ്യും.
6. കാർഷിക സർവ്വകലാശാലയുടെ അംഗീകാരമുള്ള വളം - എന്ന വ്യാജലേബലിൽ നിജിൽ അജ്ഞാത കേന്ദ്രങ്ങളിലേക്ക് കയറ്റിവിടുന്ന ഭീമമായ ഖരമാലിന്യത്തിലും ഉയർന്ന തോതിലുള്ള ഘനലോഹങ്ങളുടെ സാന്നിധ്യം ഉണ്ട്. (ഇവ കയറ്റിയ ലോറികൾ ഹൈവേ കളിൽ സുരക്ഷിത സംവിധാനങ്ങൾ കൂടാതെ സഞ്ചരിക്കുന്നത് നിയമ വിരുദ്ധമാണെ ന്നത് മറ്റൊരു വസ്തുത).

**വസ്തുതാ പഠനത്തിനിടയിൽ ജനനീതിയുടെ മറ്റ് നിരീക്ഷണങ്ങളും കണ്ടെത്തലുകളും ഇതോടൊപ്പം ചേർത്ത് വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

1. നിജിൽ കമ്പനിയുടെ ഉദ്പാദന പ്രക്രിയയുടെ ഫലമായി പരിസരപ്രദേശങ്ങളിൽ രൂക്ഷ മായ മലിനീകരണമുണ്ടെന്ന് 1996 ൽ ഇരിങ്ങാലക്കുട സിവിൽകോടതി കണ്ടെത്തിയി ട്ടുണ്ട്.
2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കാലാകാലങ്ങളിൽ നൽകിയിട്ടുള്ള

നിർദ്ദേശങ്ങളൊന്നും കമ്പനി കൃത്യമായി പാലിച്ചിട്ടില്ല. 2008 ൽ കമ്പനിയ്ക്കെതിരെ നടപടിയെടുക്കുമെന്നറിയിച്ചുകൊണ്ട് ബോർഡ് നോട്ടീസ് അയയ്ക്കുകയും, പിന്നീട് അടച്ചു പൂട്ടൽ ഭീഷണി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

3. 2006 ൽ സുപ്രീം കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മറ്റി, കമ്പനിയുടെ ഖരമാലിന്യം അപകടകര(Hazardous)മാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

4. കമ്പനി രൂപപ്പെടുത്തിയ കമ്പോസ്റ്റ് ഭക്ഷ്യവിളകളിൽ ഉപയോഗിക്കരുതെന്ന കർശനമായ ഉപാധിയോടെ, കമ്പനിയുടെ കമ്പോസ്റ്റിനെ 'അപകടകരമായ മാലിന്യ'ങ്ങളുടെ പട്ടികയിൽനിന്ന് കേന്ദ്ര പരിസ്ഥിതി-വനമന്ത്രാലയം ഒഴിവാക്കിയെങ്കിലും, ഭക്ഷ്യവിളകളിൽ തുടർന്നും അത് ഉപയോഗപ്പെടുത്തുന്നതായി കമ്പനിയുടെ കത്തുകളിൽതന്നെ വ്യക്തമാക്കുന്നു.

5. കമ്പനി ഉൾപ്പെടുന്ന കാടുകുറ്റി പഞ്ചായത്തിന്റെ ഭരണ സമിതി നിരന്തരമായി കമ്പനിയ്ക്കെതിരെ മാലിന്യ പ്രശ്നങ്ങൾ ഉയർത്തുന്നതായി കാണാം. 2009ൽ കമ്പനിയുടെ ലൈസൻസ് പഞ്ചായത്ത് റദ്ദാക്കുകയുണ്ടായി. ഹൈക്കോടതിയിൽനിന്നും നിരവധി ഉപാധികളോടെ ഉദ്പാദനം തുടരാൻ കമ്പനി വിധി സമ്പാദിച്ചുവെങ്കിലും, നിബന്ധനകൾ കമ്പനി വീണ്ടും ലംഘിച്ചതായി പഞ്ചായത്ത് പിന്നീടും ആരോപിക്കുന്നുണ്ട്.

6. ചാലക്കുടി പുഴയിൽനിന്നും ഭീമമായ തോതിൽ ശുദ്ധജലം എടുക്കുന്നതിനോ, അത്രത്തോളം മലിനജലം പുഴയിലേക്ക് തിരികെ നിക്ഷേപിക്കുന്നതിനോ കമ്പനിയ്ക്ക് ആരും അനുവാദം കൊടുത്തതായി കാണുന്നില്ല.

7. കമ്പനിയിലെ മലിനജലം സംസ്ക്കരിച്ച് ശുദ്ധമാക്കിയ ശേഷമാണ് പുഴയിലേക്ക് ഒഴുക്കുന്നതെന്ന് കമ്പനി ആവർത്തിക്കുന്നുണ്ടെങ്കിലും, വൻ കുഴലിലൂടെ ഖരമാലിന്യംതന്നെ പുഴയിലേക്ക് ഒഴുക്കുന്നതായി അന്വേഷണ സംഘത്തിന് ബോധ്യമായി. 2009ലും 2010ലും ഇതേ കാരണത്താൽ ജനങ്ങളും പഞ്ചായത്ത് അധികൃതരും കമ്പനിയ്ക്ക് എതിരെ ആരോപണം ഉന്നയിച്ചിരുന്നു.

8. ഓരോ ദിവസവും 120 ടൺ മൃഗങ്ങളുടെ എല്ലുംപൊടി വടക്കേന്ത്യയിൽനിന്നുള്ള പതിനാല് സമർപ്പിതരായ(Committed) ഏജന്റുമാരാണ് എത്തിക്കുന്നതെന്ന് കമ്പനി പറയുന്നുണ്ടെങ്കിലും, അവരുടെ വിശദാംശങ്ങളോ, എല്ലിന്റെ ഉറവിടമോ കമ്പനി വെളിപ്പെടുത്തുന്നില്ല. ഗോവധം നിരോധിക്കപ്പെട്ടിട്ടുള്ള വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വരുന്ന എല്ലുപൊടി മനുഷ്യ ശ്മശാനങ്ങളിൽനിന്നും, നായ്ക്കൾ, പന്നി, കാട്ടുമൃഗങ്ങൾ എന്നിവയുടേയും ആകാനിടയുണ്ടെന്ന് ജനം ഭയപ്പെടുന്നു.

9. കമ്പനി പലപ്പോഴും കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളെ തെറ്റിദ്ധരിപ്പിച്ചും തെറ്റായ വിവരങ്ങൾ നൽകിയും അനുകൂലമായ റിപ്പോർട്ടുകൾ സംഘടിപ്പിച്ചതായി കാണുന്നു.

10. കമ്പനിയിലെ മാലിന്യ സംസ്കരണത്തിന് നിർമ്മിച്ചിട്ടുള്ള സംവിധാനങ്ങൾ കാലഹരണപ്പെട്ടവയും ആവശ്യത്തിന് ഉതകാത്തതും ആണെന്ന് അന്വേഷണ സംഘം കണ്ടെത്തി.

11. മുപ്പത് വലിയ, പഴകിയ ടാങ്കുകളിലായി 970 ടൺ ഹൈഡ്രോ ക്ലോറിക്കാസിഡ് കമ്പനിയിൽ സൂക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ സുരക്ഷാ നടപടികൾ എന്തെങ്കിലും സ്വീകരിച്ചതായി കാണുന്നില്ല. കമ്പനിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും സുരക്ഷാ ക്രമീകരണങ്ങൾ ഒന്നും നടത്തിയതായി കണ്ടില്ല. ഭോപ്പാൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇവയെല്ലാം ഗുരുതരമായ സുരക്ഷാ പാളിച്ചയായും, കുറ്റകരമായ കൃത്യവിലോപമായും കാണേണ്ടിയിരിക്കുന്നു.

12. വിവരാവകാശ നിയമം തങ്ങൾക്ക് ബാധകമല്ലെന്ന നിലപാടാണ് നിജിൽ കമ്പനിയുടേത്. കേരള സർക്കാരിന്റെ വ്യവസായ സംരംഭമായി കമ്പനിയെ, നിജിൽ കമ്പനിയുടെ ബ്രോഷർതന്നെ വിശേഷിപ്പിക്കുകയും ചെയ്യുന്നു. വിവരാവകാശ നിയമ പ്രകാരം നൽകിയ അപ്പീൽ തള്ളിക്കൊണ്ട്. KSIDC യുടെ ചെയർമാൻ, അൽക്കേഷ് കുമാർ ശർമ്മ IAS നൽകിയ മറുപടിയിൽ, നിജിൽ ഒരു സ്വകാര്യ കമ്പനിയാണെന്നും അതിനാൽ വിവരാവകാശം ബാധകമല്ലെന്നും പറയുന്നു. എങ്കിൽ ആ കമ്പനിയുടെ ചെയർമാൻ പദവിയിൽ T. Balakrishnan IAS എന്ന സംസ്ഥാനത്തെ അഡീഷണൽ ചീഫ് സെക്രട്ടറിയായ ഉദ്യോഗസ്ഥൻ എങ്ങിനെ അവരോധിക്കപ്പെട്ടു എന്നത് കൗതുകരമായിരിക്കുന്നു.

13. 2008 വരെ Kerala Chemicals & Proteins Limited എന്നപേരിൽ അറിയപ്പെട്ടിരുന്ന കമ്പനിയെ, അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ സ്വീകാര്യത ലക്ഷ്യമാക്കി ജപ്പാന്റെ ഭീമൻ കമ്പനിയായ Nitta Gelatin ന്റെ പേരിലേക്ക് പുനർനാമകരണം ചെയ്യപ്പെട്ടത് ലാഘവത്തോടെ കാണേണ്ടതല്ല. 'കേരള'മെന്നുകേട്ടാൽ .................. ലജ്ജിക്കേണ്ടതുണ്ടോ?

14. ഇന്ത്യയുടെ നിയമങ്ങൾ തങ്ങൾക്ക് ബാധകമല്ല എന്ന സമീപനമാണ് യൂണിയൻ കാർബൈഡ് കമ്പനിയും, പിന്നീട് കൊക്കോക്കോളായും സ്വീകരിച്ചത്. അതേ വഴി തുടരുന്ന നിജിൽ, ഈ നാട്ടിലെ നിയമങ്ങൾക്കും നൈതിക നിലവാരങ്ങൾക്കും വിധേയമല്ലെങ്കിൽ, നിജിൽ കമ്പനിയെ ഇന്ത്യയുടെ മണ്ണിൽനന്നും പറഞ്ഞയയ്ക്കണമെന്ന് ജനനീതി ആവശ്യപ്പെടുന്നു.

15. ഘനലോഹങ്ങൾ അടങ്ങിയ മാലിന്യത്തെ വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് നിരവധി സ്വകാര്യ ഏജൻസികളിലൂടെ കർഷകർക്ക് വില്ക്കുകയും കൃഷിയിടങ്ങളെ നശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന നിജിൽ കമ്പനിയുടെ പ്രവർത്തനങ്ങളും, ഔഷധ നിർമ്മാണമുൾപ്പെടെയുള്ള പുതിയ സംരംഭങ്ങളും നിഷ്പക്ഷവും ശാസ്ത്രീയവുമായ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ജനനീതി ആവശ്യപ്പെടുന്നു.

16. കഴിഞ്ഞ 31 വർഷമായി കാതിക്കൂടം ഗ്രാമത്തെ വിഷലിപ്തമാക്കിയ നിജിൽ കമ്പനിക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ നൽകപ്പെട്ടിരിക്കുന്ന ISO 14001 അംഗീകാരം പിൻവലിക്കണമെന്നും, കമ്പനി പുറത്തിറക്കുന്ന 'കമ്പോസ്റ്റി'ന് 'നോൺ-ഹസാർഡസ്' അംഗീകാരം നല്കിയ പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ നടപടി പുന:പരിശോധിക്കണമെന്നും ജനനീതി ആവശ്യപ്പെടുന്നു.

17. കാതിക്കൂടത്തെ പരിസ്ഥിതിക്കും ജനങ്ങൾക്കും നിജിൽ കമ്പനി മൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ഒരു ജനഹിത പരിശോധനയിലൂടെ കണ്ടെത്തി, കമ്പനിയിൽനിന്നും ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും ജനനീതി ആവശ്യപ്പെടുന്നു.

*കൂടുതൽ വിവരങ്ങൾക്ക്:*

**ജനനീതി ഇൻസ്റ്റിട്യൂട്ട്**
ജനനീതി കാമ്പസ്, മണ്ണുത്തി പി.ഒ.
തൃശൂർ - 680651, കേരളം.
ഫോൺ: 0487-2373479/2373281
ഇ-മെയിൽ: gpneethi@sancharnet.in / jananeethi@jananeethi.org
വെബ്സൈറ്റ്: www.jananeethi.org

***********